"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൻജിനീയറിംഗ് വിഭാഗം - ആറ്റിങ്ങൽ മുനിസിപ്പാലിറ്റി - നാഷണൽ ഹൈവെ വീതി കൂട്ടുന്നതിന്റെ മറവിൽ അനധികൃത പൊളിച്ചുമാറ്റലുകളും നിർമ്മാണവും അഴിമതിയും- ക്രമക്കേടിൽ ഉത്തരവാദികളായവരിൽ വിരമിച്ചവർക്കെതിരെ KSR ഭാഗം III ചട്ടം 59 (d)) പ്രകാരവും നിലവിൽ സർവീസിലുള്ളവർക്കെതിരെ KCS(CCA) Rules 1960 Rule 15(2) പ്രകാരവും ഔപചാരികഅന്വേഷണത്തിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിയ്ക്കുന്നത്- സംബന്ധിച്ച്.

---

**തദ്ദേശസ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.2069/2025/LSGD തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:-

1. 01.01.2025 -ലെ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഇ4/154/2021/എസ്.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യൂ നമ്പർ കത്ത്
2. 16/04/2024-ലെ EWA1/33/2023-LSGD നമ്പർ കുറ്റപത്രം
3. 26.11.2024-ലെ EWA1/33/2023-LSGD, EWA1/64/2021-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. റിട്ട.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജയദാസ് ഡി., (പെൻ-616633) റിട്ട.അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി താജുന്നീസ ബീവി എം.(പെൻ-453709), അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജോസ് എച്ച്.ജോൺസ് (Now AEE, TVM Corpn Nemom Zonal Office), ഓവർസിയർ ശ്രീ.ദിനേശ് പെൻ-698610) (നിലവിലെ സ്റ്റേഷൻ-കൊല്ലം കോർപ്പറേഷൻ), ഓവർസിയർ ശ്രീ. വിജയകുമാർ റ്റി. (പെൻ -681467) (നിലവിലെ സ്റ്റേഷൻ- ആറ്റിങ്ങൽ നഗരസഭ) എന്നിവരുടെ പ്രതിവാദപത്രിക.
5. ശ്രീമതി റാണി ജി സമർപ്പിച്ച 05.01.2025- ലെ പ്രതിവാദപത്രിക.

## ഉത്തരവ്

ആറ്റിങ്ങൽ മുനിസിപ്പാലിറ്റി - നാഷണൽ ഹൈവെ വീതി കൂട്ടുന്നതിന്റെ മറവിൽ സമീപമുള്ള കടകൾ അനധികൃതമായി പൊളിച്ചുമാറ്റി, വൻസ്വാധീനമുള്ളവർ പെർമിറ്റ് ലഭ്യമാക്കാതെ പുതിയകെട്ടിടങ്ങൾ നിർമിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾ വികസിപ്പിക്കുകയും ചെയ്തു, വൻഅഴിമതി നടന്നു എന്ന ശ്രീ. ജോയി അനിയൻ സമർപ്പിച്ച പരാതിയിൽ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനിയർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടു പ്രകാരം ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജയദാസ് ഡി., (പെൻ- 616633) അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി താജുന്നീസ ബീവി എം. (പെൻ 453709), എന്നിവർക്ക് ചട്ടം 15 പ്രകാരം സർക്കാർ കുററപത്രം നല്കിയശേഷം 31.05.2024-ൽ ടിയാൾക്കാർ സർവീസിൽ നിന്ന് വിരമിയ്ക്കുകയുണ്ടായി. ആയതിനാൽ ടിയാൾക്കാർക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59 (d) പ്രകാരം നടപടി തുടരുന്നതാണ്. മററുള്ളവരിൽ സർവീസിൽ നിന്ന് വിരമിച്ചവർക്ക് കെ.എസ്.ആർ ഭാഗം III ചട്ടം 59 (d) പ്രകാരം കാരണം കാണിയ്ക്കൽ നോട്ടിസും നിലവിൽ സർവീസിലുള്ളവർക്ക് KCS(CCA) Rules 1960 Rule 15 പ്രകാരം പരാമർശം കുററപത്രവും നൽകിയിട്ടുള്ളതും പരാമർശ പ്രകാരമുള്ള പ്രതിവാദപത്രികൾ സമർപ്പിച്ചിട്ടുള്ളവർ കുററം നിഷേധിച്ചിട്ടുള്ളതുമാണ്. പ്രതിവാദപത്രിക സമർപ്പിയ്ക്കാത്തവർക്ക് ഇക്കാര്യത്തിൽ കൂടുതലൊന്നും ബോധിപ്പിയ്ക്കുവാനില്ല എന്ന് അനുമാനിയ്ക്കുന്നു.

ആയതിനാൽ

1. ഓവർസിയർ റിട്ട. ശ്രീ. ശ്രീകുമാരൻ തമ്പി എസ്., പെൻ-440890) (Retired on 31/05/2016),
2. ഓവർസിയർ റിട്ട. ശ്രീ. ജാഫർ സാദിഖ് എം.
3. റിട്ട. അസി. എക്സി. എഞ്ചിനീയർ ശ്രീമതി റാണി ജി.
4. റിട്ട. എക്സി. എഞ്ചിനീയർ ശ്രീ. സുരേഷ് കമാർ എസ്.കെ.
5. റിട്ട.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജയദാസ് ഡി., പെൻ- 616633) (Retired on 31.05.2024)
6. റിട്ട.അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി താജുന്നീസ ബീവി എം.(പെൻ -453709)( Retired on 31.05.2024)

   എന്നിവർക്കെതിരെ KSR ഭാഗം III ചട്ടം 59 (d) പ്രകാരവും

   നിലവിൽ സർവീസിലുള്ള

7. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജോസ് എച്ച്.ജോൺസ് (Now AEE, TVM Corpn Nemom Zonal Office DoR 31.05.2031)

8. ഓവർസിയർ ശ്രീ.ദിനേശ് (പെൻ-698610) (വിരമിക്കൽ തിയതി-31/12/2027 നിലവിലെ സ്റ്റേഷൻ-കൊല്ലം കോർപ്പറേഷൻ),

9. ഓവർസിയർ ശ്രീ. വിജയകുമാർ റ്റി. (പെൻ -681467) (വിരമിക്കൽ തിയതി - 31.01.26

നിലവിലെ സ്റ്റേഷൻ - ആറ്റിങ്ങൽ നഗരസഭ)

എന്നിവർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരവും ഔപചാരിക അന്വേഷണം നടത്തുന്നതിനായി Sri. Subramanian K.C. (PEN:439220) Superintending Engineer, LSGD South Circle, Thiruvananthapuram-യെ നിയോഗിക്കുന്നു.

അന്വേഷണഉദ്യോഗസ്ഥൻ ഔപചാരികഅന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളുംപാലിച്ച് അന്വേഷണറിപ്പോർട്ട് <u>**3 ആഴ്ച്ചക്കകം**</u> സർക്കാറിൽ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. Sri. Subramanian K.C. (PEN:439220) Superintending Engineer, LSGD South Circle, Thiruvananthapuram **( Through Principal Director)**
2. മേൽ ഉദ്യോഗസ്ഥർക്ക്/ വിരമിച്ച ഉദ്യോഗസ്ഥർക്ക്
   **( 1 &2 Through Principal Director)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തൃശ്ശൂർ.
5. കരുതൽ ഫയൽ(EWA1/33/2023-LSGD)

ഉത്തരവിൻ പ്രകാരം
**Signed by Asha. R**
**Date: 21-08-2025 09:45:12**

സെക്ഷൻ ഓഫീസർ